പോലീസ് വകുപ്പ്

കേരളം

**No.H1-58474/2021/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031
തീയതി.07-10-2022

**DO No. 636/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി-ശ്രീ വിനീത് കുമാർ, സീനിയർ ക്ലർക്ക്, KAP VI ബറ്റാലിയൻ,വളയം ,എന്നയാൾക്കെതിരെയുള്ള ഔപചാരിക അന്വേഷണം(H1/PR-03/2022DR)-പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1. ഈ ഓഫീസിലെ 08.02.2022 തിയ്യതിയിലെ DO No 65/2022 DR ഉത്തരവ്
2.കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ മാനേജർ സമർപ്പിച്ച 20.08.2022 തിയ്യതിയിലെ പി ആർ മിനുറ്റ്സ്
3.24.08.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4.കാരണം കാണിക്കൽ നോട്ടീസിന് 27.09.2022 തിയ്യതി കുറ്റാരോപിതൻ സമർപ്പിച്ച മറുപടി

ശ്രീ.വിനീത് കുമാർ .എൻ. (PEN 267777) സീനിയർ ക്ലർക്ക്, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ D4 സെക്ഷൻ ക്ലാർക്കായി ജോലി ചെയ്തുവരവേ, 2016-17 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ' Upgradation of Policing in SC/ST Colonies' എന്ന കാര്യത്തിന് പോലീസ് ആസ്ഥാനത്തെ 13.01.2016 തിയ്യതിയിലെ H4/235514/16 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 1,50,000/- രൂപ ചെലവഴിക്കുന്നതിനായി SC/ST നോഡൽ ഓഫീസർ ആയ DySP DCRB ക്ക് ഈ ഓഫീസിലെ 01.03.17 തിയ്യതിയിലെ ഉത്തരവ് നമ്പർ D4/3809/17 DR പ്രകാരം കൈമാറുകയും പിന്നീട് പ്രസ്തുത ഫയലിൽ യാതൊരു തുടർനടപടിയും സ്വീകരിക്കാതെ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ് .

കൂടാതെ ടിയാൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിൽ D2(a) സെക്ഷൻ ക്ലാർക്കായി ജോലി ചെയ്തുവരവേ, 2016-17 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ' Flagship Programme on Gender sensitization - Running of Family Counselling Centres & Training on Gender Awareness ' എന്ന കാര്യത്തിന് പോലീസ് ആസ്ഥാനത്തെ 10.02.2017 തിയ്യതിയിലെ H2/236456/16 PHQ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 4,42,000/- രൂപ PHQ നിർദേശ പ്രകാരം ചെലവഴിക്കുന്നതിനായി ഈ ഓഫീസിലെ 16.02.17 തിയ്യതിയിലെ ഉത്തരവ് നമ്പർ G2/9201/17 DR പ്രകാരം കോഴിക്കോട് റൂറൽ ജില്ലാ വനിതാ സെല്ലിന് കൈമാറുകയും പിന്നീട് പ്രസ്തുത ഫയൽ ഈ ഓഫീസിലെ ഓഫീസ് ഓർഡർ നമ്പർ 115/2018 DR പ്രകാരം ടിയാൻ കൈകാര്യം ചെയ്തിരുന്ന D2(a) സെക്ഷനിലേക്ക് കൈമാറുകയുമുണ്ടായി. തുടർന്ന പ്രസ്തുത സംഖ്യയിൽ 313,500/- രൂപ 31.05.2017 തിയ്യതി വടകര സബ് ട്രഷറിയിൽ തിരിച്ചടക്കുകയും ബാക്കി തുകയായ 1,28,500/- രൂപക്കുള്ള ബില്ലുകളും വൌച്ചറുകളും ലഭിച്ചതനുസരിച്ച് ഈ ഓഫീസിലെ 17.11.2018 തിയ്യതിയിലെ D2(a)/31694/2018 DR നമ്പർ ഉത്തരവ് പ്രകാരം മേൽ തുകയുടെ ബില്ലുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിനായി ഉത്തരവിറക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചതിൽ, അഡ്ജസ്റ്റ്മെൻറ് ബില്ലിന്റെ അസ്സൽ C2 സെക്ഷനിലേക്ക് തുടർനടപടിക്കായി കൈമാറിയതിന്റെ യാതൊരു രേഖയും ഫയലിൽ കാണാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. മേൽ അഡ്വാൻസ് ബില്ലുകൾ ഇതുവരെയും അഡ്ജസ്റ്റ് ചെയ്യാത്തതിനാൽ 2021 ആഗസ്ത് മാസം ഈ ഓഫീസിൽ ഓഡിറ്റ് നടത്തിയ AG's AUDIT ടീം പ്രസ്തുത കാര്യത്തിൽ ഒബ്ജെക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച അഡ്വാൻസ് ബില്ലുകൾ യഥാസമയം അഡ്ജസ്റ്റ് ചെയ്യാതിരിക്കുക വഴി ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ചയും ഉത്തരവാദിത്വമില്ലായ്മയും കാണിച്ചതിന് ടിയാനെതിരെ ഈ ഓഫീസിലെ 08.02.2022 തിയ്യതിയിലെ DO No 65/2022 DR

പ്രകാരം ഒരു ഔപചാരിക അന്വേഷണം ഉത്തരവാകുകയും അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് ഓഫീസിലെ മാനേജരെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ ഔപചാരിക അന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുവെക്കുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 3 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. മേൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല. എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദുസമീപനം സ്വീകരിച്ചുകൊണ്ട് എൻറെ താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതനവർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

07-10-2022
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ വിനീത് കുമാർ,സീനിയർ ക്ലർക്ക് : കമ്മാണ്ടൻറ് KAP VI വഴിയും മുഖേന

പകർപ്പ് : കമ്മാണ്ടൻറ് KAP VI വഴിയും :നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ